# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2004 10.10.2011-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയെന്നും ഇനി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെന്തെല്ലാമെന്നും വിശദീകരിക്കാമോ;<br><br>(സി) അത്യാഹിത ചികിത്സാ വിഭാഗങ്ങളിലെ പോരായ്മകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഇവിടങ്ങളിൽ ക്രിട്ടിക്കൽ കെയർ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ? | (ബി) (സി) & (ഡി )<br><br>ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഒരു അനസ്തേഷ്യോളജിസ്റ്റ് അല്ലെങ്കിൽ പൾമിനോളജിസ്റ്റിന്റെ നേതൃത്വത്തിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ എന്ന പ്രത്യേക വിഭാഗം സ്ഥാപിച്ച് ഇന്റൻസീവ് കെയർ യൂണീറ്റുകളും അതിലെ വെന്റിലേറ്ററുകളും എല്ലാ രോഗികൾക്കും ആവശ്യമനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള ഒരു നിർദ്ദേശം സമർപ്പിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാരിന് സമർപ്പിക്കുന്നതിനുവേണ്ടി പ്രിൻസിപ്പൽമാരോട് അത്യാവശ്യമായി അവർക്ക് വേണ്ട ഉപകരണങ്ങളുടേയും സ്റ്റാഫിന്റേയും അടിസ്ഥാന സൗകര്യങ്ങളുടേയും വിശദാംശങ്ങൾ സമർപ്പിക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരത്തിലുള്ള പ്രത്യേക ഡിപ്പാർട്ട്മെന്റ് ആരംഭിക്കുകയാണെങ്കിൽ ഇതിനുവേണ്ടി Critical Care Medicine MD എന്ന PG കോഴ്സ് ആരംഭിക്കുവാനും സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ